# പോലീസ് വകുപ്പ്

# കേരളം

**No.H1-39331/2022/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031
തീയതി.31-12-2022

**DO No. 797/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി-ശ്രീ വിനീത് കുമാർ,എൻ, സീനിയർ ക്ലാർക്ക് (PEN 267777), എന്നയാൾക്കെതിരെയുള്ള ഔപചാരിക അന്വേഷണം(H1/PR-11/2022 DR)-പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1.02.07.2022 തിയ്യതിയിലെ ബഹു അഡീഷണൽ ചീഫ് സെക്രട്ടറിയുടെ E4/481/2021/Home നമ്പർ കത്ത്
2.ഈ ഓഫീസിലെ 18.10.2022 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
3.കോഴിക്കോട് റൂറൽ ജില്ല പോലീസ് ഓഫീസിലെ മാനേജർ 22.11.2022 തിയ്യതി സമർപ്പിച്ച പി ആർ മിനുറ്റ്സ്
4.25.11.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5.കാരണം കാണിക്കൽ നോട്ടീസിന് 08.12.2022 തിയ്യതി കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

ശ്രീ.വിനീത് കുമാർ .എൻ. സീനിയർ ക്ലർക്ക് (PEN 267777) ,KAP VI ,വളയം എന്നയാൾ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ D2(a) സെക്ഷൻ ക്ലാർക്കായി ജോലി ചെയ്തുവരവേ, 2016-17 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 'Flagship Programme on Gender sensitization for conducting training programme to drivers as part of safety of women and children in vehicles' എന്ന കാര്യത്തിന് പോലീസ് ആസ്ഥാനത്തെ 23.01.2017 തിയ്യതിയിലെ H2/236456/2016/PHQ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 5,00,000/- രൂപ PHQ നിർദേശ പ്രകാരം ചെലവഴിക്കുന്നതിനായി ഈ ഓഫീസിലെ 05.02.17 തിയ്യതിയിലെ ഉത്തരവ് നമ്പർ D2(a)7414/2018DR പ്രകാരം കോഴിക്കോട് റൂറൽ ജില്ലാ നാർകോട്ടിക് സെല്ലിന് കൈമാറുകയും 22.08.2017 തിയ്യതി നാർകോട്ടിക് സെല്ലിൽ നിന്നും ബില്ലും വൌച്ചറുകളും ഈ ഓഫീസിലേക്ക് തിരികെ സമർപ്പിക്കുകയും ചെയ്തിരുന്നു.. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചതിൽ, അഡ്ജസ്റ്റ്മെൻറ് പ്രൊസീഡിങ്സ് ഉത്തരവാക്കിയിട്ടുള്ളതാണെങ്കിലും പ്രസ്തുത ബിൽ തുടർനടപടികൾക്കായി C2 സെക്ഷനിലേക്ക് നൽകിയിട്ടില്ലാത്തതാണ് എന്ന് വ്യക്തമായിട്ടുള്ളതാണ്. മേൽ അഡ്വാൻസ് ബില്ലുകൾ ഇതുവരെയും അഡ്ജസ്റ്റ് ചെയ്യാത്തതിനാൽ 2021 ആഗസ്റ്റ് മാസം ഈ ഓഫീസിൽ ഓഡിറ്റ് നടത്തിയ AG's AUDIT ടീം പ്രസ്തുത കാര്യത്തിൽ ഒബ്ജെക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്

പിന്നീട് മേൽ നിർദേശ പ്രകാരം നടത്തിയ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ബില്ലുകൾ കണ്ടെടുക്കുകയും പ്രസ്തുത ബില്ലുകളിൽ നടപടികൾ പൂർത്തീകരിച്ച ശേഷം ശീർഷകം അനുവദിക്കുന്നതിനായി 29.01.2022 തിയ്യതിയിലെ C2/58009/2021 DR നമ്പർ കത്ത് പ്രകാരം പിഎച്ച്ക്യൂ വിലേക്കും പിഎച്ച്ക്യൂ വിൽ നിന്നും 29.01.2022 തിയ്യതിയിലെ B1/75637/2021/PHQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്കും അയച്ചിട്ടുള്ളതും മേൽ ബില്ലുകൾ അഡ്ജസ്റ്റ് ചെയ്യാൻ കാലതാമസം വരുത്തി വെച്ച ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുന്നതിന് 02.07.2022 തിയ്യതിയിലെ ബഹു അഡീഷണൽ ചീഫ് സെക്രട്ടറിയുടെ E4/481/2021/Home നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച അഡ്വാൻസ് ബില്ലുകൾ യഥാസമയം അഡ്ജസ്റ്റ് ചെയ്യാതിരിക്കുക വഴി ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ചയും നിരുത്തരവാദിത്വവും കാണിച്ചതിന് ടിയാനെതിരെ സൂചന രണ്ടിലെ ഉത്തരവ് പ്രകാരം ഒരു ഔപചാരിക അന്വേഷണം ഉത്തരവാകുകയും

അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ മാനേജരെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുവെക്കുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 4 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല. എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദുസമീപനം സ്വീകരിച്ചുകൊണ്ട് എൻറെ താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതനവർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹ: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അ പ്പീൽ സമർപ്പിക്കാവുന്നതാണ്



30-12-2022
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.വിനീത് കമാർ .എൻ. സീനിയർ ക്ലർക്ക് : കമാൻഡൻറ് ,KAP VI ,വളയം മുഖേന

പകർപ്പ് : കമാൻഡൻറ് ,KAP VI ,വളയം : നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, സി2, എഫ്1 മുതൽ എഫ്6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടിക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ